DESPATCHED
On.26.2.2020

10/02/2020

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.1110(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.13986/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| .ശ്രീ. തമ്പാൻ എൻ.<br>നിരിച്ചൻ വീട്,<br>കണ്ണപുരം, പുഞ്ചവയൽ പി.ഒ<br>മൊട്ടമ്മൽ, കണ്ണൂർ –670 331, | പരാതി ഹർജിക്കാരൻ |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ,<br>താലൂക്ക് ഓഫീസ് കാമ്പസ്,<br>കണ്ണൂർ – 670 002.. | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 14.07.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.08.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 22.08.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 24.08.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 10.02.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,കണ്ണൂർ |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. തമ്പാൻ എൻ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പദ്ധതി യുടെ എസ്റ്റിമേറ്റിന്റെയും കരാറിന്റെയും കോപ്പിയും മേൽപ്പടി പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകളുടെയും പകർപ്പുകൾ ലഭിച്ചിട്ടില്ലെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യ പ്പെട്ടത്,

> ധർമ്മശാല മുതൽ പറശ്ശിനിക്കടവ് വരെയുള്ള "സൗഹൃദവീഥി" പദ്ധതി യുടെ എസ്റ്റിമേറ്റിന്റെയും മേൽപ്പടി പ്രവൃത്തിയുടെ കരാർ എത്ര രൂപ യ്ക്കാണ് ഏറ്റെടുത്തത് എന്നും മേൽപ്പടി പ്രവർത്തിയുമായി ബന്ധപ്പെട്ട മററു വിവരങ്ങളും നൽകണമെന്നാണ്.

മേൽപ്പടി അപേക്ഷയിൽ നൽകിയ മറുപടിയിൽ ധർമ്മശാല മുതൽ പറശ്ശിനിക്കടവ് വരെയുള്ള "സൗഹൃദവീഥി" പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തി 1 കോടി 40 ലക്ഷം രൂപയ്ക്കാണ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ഏറ്റെടുത്തിട്ടുള്ളത് എന്ന് അറിയിച്ചിട്ടുള്ളതായി കാണുന്നു.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ചത്, 01.10.2015 തീയതി ഹർജിക്കാരൻ ഫീസ് ഒടുക്കിയ പ്രകാരം ബന്ധപ്പെട്ട പകർപ്പുകൾ 09.10.2015 തീയതി ടിയാന് അയച്ചു നൽകിയിട്ടുണ്ടെന്നാണ്. മേൽ സാഹചര്യത്തിൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 10–ാം തിയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**

**മുഖ്യ വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്,

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION